



സൂറ-20

# താഹാ

**ആയത്ത് 114 മുതൽ 116 വരെ**

ആർത്തിയുടെ അപകടം വെളിപ്പെടുത്തുന്നതിന് ആദം-ഇബ്‌ലീസ് സംഭവം ചൂണ്ടിക്കാണിക്കുകയാണ്. ആർത്തിയും അതിമോഹവും മനുഷ്യന്റെ നൈസർഗിക ദൗർബല്യങ്ങളാണ്. അവനെ വഴിതെറ്റിക്കാൻ ഇബ്‌ലീസ് ഏറെ ഉപയോഗപ്പെടുത്തുന്നതും ആ ദൗർബല്യങ്ങളാണ്.

فَتَعَـٰلَى ٱللَّـهُ ٱلْمَلِكُ ٱلْحَقُّ ۗ وَلَا تَعْجَلْ بِٱلْقُرْءَانِ مِن قَبْلِ أَن يُقْضَىٰٓ
إِلَيْكَ وَحْيُهُۥ ۖ وَقُل رَّبِّ زِدْنِى عِلْمًا ﴿١١٤﴾

**114.** യഥാർഥ രാജാവായ അല്ലാഹു അത്യുന്നതനാകുന്നു. ഈ ഖുർആൻ നിനക്ക് ബോധനം ചെയ്തു കഴിയുംമുമ്പ് ബദ്ധപ്പെട്ടു വായിക്കേണ്ടതില്ല. എന്നാൽ നാഥാ, എന്നെ ജ്ഞാനത്താൽ പോഷിപ്പിക്കേണമേ എന്ന് പ്രാർഥിച്ചുകൊണ്ടിരിക്കണം.

وَلَقَدْ عَهِدْنَآ إِلَىٰٓ ءَادَمَ مِن قَبْلُ فَنَسِىَ وَلَمْ
نَجِدْ لَهُۥ عَزْمًا ﴿١١٥﴾

**115.** പണ്ടു നാം ആദമിന്ന് ഒരു ശാസനം നൽകിയിട്ടുണ്ടായിരുന്നു. അവൻ അത് വിസ്മരിച്ചു. അവനിൽ നാം നിശ്ചയദാർഢ്യം കണ്ടില്ല.

وَإِذْ قُلْنَا لِلْمَلَـٰٓئِكَةِ ٱسْجُدُوا۟ لِـَٔادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ أَبَىٰ ﴿١١٦﴾

**116.** ആദമിനു പ്രണാമം ചെയ്യാൻ നാം മലക്കുകളോടാജ്ഞാപിച്ചതോർക്കുക. ഇബ്‌ലീസ് ഒഴിച്ച് അവരൊക്കെയും പ്രണാമം ചെയ്തു. ഇബ്‌ലീസ് വിസമ്മതിച്ചു.

فَتَعَـٰلَى ٱللَّـهُ = അല്ലാഹു അത്യുന്നതനാകുന്നു ٱلْمَلِكُ ٱلْحَقُّ = യഥാർഥ രാജാവായ
وَلَا تَعْجَلْ بِٱلْقُرْءَانِ = ഖുർആൻ കൊണ്ട് ധൃതിപ്പെടേണ്ട(ബദ്ധപ്പെട്ട് വായിക്കേണ്ടതില്ല)
مِن قَبْلِ أَن يُقْضَىٰٓ إِلَيْكَ = നിന്നിലേക്ക് വീട്ടപ്പെടുന്നതിനു മുമ്പ്(ചെയ്തു കഴിയുംമുമ്പ്) وَحْيُهُۥ = അതിന്റെ ബോധനം
وَقُل = നീ പറയുക(പ്രാർഥിച്ചുകൊണ്ടിരിക്കണം) رَّبِّ = നാഥാ زِدْنِى = എന്നെ പോഷിപ്പിക്കേണമേ
عِلْمًا = ജ്ഞാനത്താൽ(എന്ന്) وَلَقَدْ عَهِدْنَآ إِلَىٰٓ ءَادَمَ = തീർച്ചയായും നാം ആദമിനോട് കരാർ ചെയ്തിരുന്നു
(ആദമിന് ഒരു ശാസനം നൽകിയിട്ടുണ്ടായിരുന്നു)
مِن قَبْلُ = പണ്ട് فَنَسِىَ = അവൻ(അതു) വിസ്മരിച്ചു وَلَمْ نَجِدْ لَهُۥ = അവന്ന്(നിൽ) നാം കണ്ടില്ല
عَزْمًا = നിശ്ചയദാർഢ്യം وَإِذْ قُلْنَا لِلْمَلَـٰٓئِكَةِ = നാം മലക്കുകളോട് പറഞ്ഞത് (ആജ്ഞാപിച്ചത് ഓർക്കുക)
ٱسْجُدُوا۟ = പ്രണാമം ചെയ്യുവിൻ لِـَٔادَمَ = ആദമിന്ന് فَسَجَدُوٓا۟ = അവർ (ഒക്കെയും) പ്രണാമം ചെയ്തു
إِلَّآ إِبْلِيسَ = ഇബ്‌ലീസ് ഒഴിച്ച് أَبَىٰ = അവൻ(ഇബ്‌ലീസ്) വിസമ്മതിച്ചു

## 114

മലക്ക് ജിബ്‌രീൽ ഖുർആൻ സൂക്തങ്ങളുമായി വരുന്നത് ആകാംക്ഷയോടെ കാത്തിരിക്കുമായിരുന്നു നബി(സ). അതിനു പല കാരണങ്ങളുണ്ടായിരുന്നു. ഒന്ന്, മഹത്തായ ദൈവിക വചനങ്ങൾ കൈക്കൊള്ളാനുള്ള ഉത്സാഹാധിക്യം തന്നെ. ജ്ഞാന ദാഹമായിരുന്നു മറ്റൊന്ന്. പുതിയ പുതിയ ഖുർആൻ വചനങ്ങൾ പാരായണം ചെയ്ത് അതിന്റെ സൗന്ദര്യാനുഭൂതിയിൽ ലയിക്കുകയായിരുന്നു ഇനിയൊന്ന്. ഇതിനെക്കാളൊക്കെ പ്രധാനപ്പെട്ട വേറെ രണ്ടു കാര്യങ്ങളുണ്ട്. പ്രവാചകനും സഹാക്കളും അക്കാലത്ത് നിരന്തരം നേരിട്ടുകൊണ്ടിരുന്ന പ്രയാസങ്ങളും പ്രതിബന്ധങ്ങളും മറികടന്ന് മുന്നോട്ടുപോകാനുള്ള വഴികാട്ടിക്കൊണ്ടിരുന്നതും സാന്ത്വനവും സമാധാനവും നൽകിയിരുന്നതും ഖുർആൻ സൂക്തങ്ങളാണ്. വഹ്‌യിന്റെ ആഗമനം വൈകിയാൽ പ്രബോധന വാഹനത്തിന് വഴി ബ്ലോക്കായതു പോലെയായിരുന്നു. പ്രതിയോഗികളുടെ കുടില തന്ത്രങ്ങളെക്കുറിച്ച് പ്രവാചകന് മുന്നറിയിപ്പ് ലഭിച്ചിരുന്നതും അവരുന്നയിക്കുന്ന സമസ്യകൾക്ക് മറുപടി പറയാൻ കഴിഞ്ഞിരുന്നതും ഖുർആനിലൂടെയായിരുന്നുവെന്നതാണ് രണ്ടാമത്തെ സുപ്രധാന കാര്യം. അതിനാൽ ദിവ്യസന്ദേശം അവതരിക്കുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ ആകാംക്ഷയും സംഭ്രമവും ഉളവാകുമായിരുന്നു. ദിവ്യസന്ദേശങ്ങളുമായി ജിബ്‌രീൽ എത്താൻ വൈകുന്ന ഇടവേളകളിലും തിരുമേനി അസ്വസ്ഥനാകുമായിരുന്നു. അല്ലാഹു തന്നെ കൈവെടിഞ്ഞുവോ, ദിവ്യബോധനം നിലച്ചുവോ എന്നൊക്കെ ചിലപ്പോൾ തിരുമേനി ഭയന്നുപോകും. അദ്ദേഹത്തിന്റെ ഈ ആശങ്കകളെല്ലാം ദൂരീകരിക്കുന്നതിനു വേണ്ടി അല്ലാഹു ഉപദേശിക്കുകയാണ്:

ഈ ഖുർആൻ വേഗം വേഗം അവതരിച്ചുകിട്ടാൻ പ്രവാചകൻ ധൃതി കൂട്ടേണ്ട. ഇത് അവതരിക്കുമ്പോൾ ഹൃദിസ്ഥമാക്കാൻ ബദ്ധപ്പെടുകയും വേണ്ട. അത്യുന്നതനായ രാജാധിരാജനാണ് ഇതവതരിപ്പിക്കുന്നത്. അതിന്റെ യുക്തികളും താൽപര്യങ്ങളും ഏറ്റം അറിയുന്നത് അവൻ തന്നെയാണ്. ആരുടെയെങ്കിലും അഭ്യർഥനയോ ആഗ്രഹമോ അനുസരിച്ചല്ല അവൻ ഇതവതരിപ്പിക്കുന്നത്; മറിച്ച് അവൻ മാത്രം നിശ്ചയിച്ച ലക്ഷ്യവും പരിപാടിയുമനുസരിച്ചാണ്. ഏതെല്ലാം ഭാഗം, എത്ര വചനം, എവിടെ വെച്ച് എപ്പോൾ എങ്ങനെ അവതരിപ്പിക്കണമെന്ന് അവൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചേ ഖുർആൻ ഇറങ്ങൂ. അത് ഇറങ്ങുന്ന മുറക്ക് പ്രവാചകൻ ജനങ്ങളെ കേൾപ്പിക്കുക. ജനങ്ങൾ അതിനോട് എങ്ങനെ പ്രതികരിക്കുന്നുവെന്നത് പ്രശ്നമാക്കേണ്ട. അല്ലാഹു നിശ്ചയിച്ച സമയത്ത് അത് ഇറങ്ങിത്തീരും. അതിനു മുമ്പ് അത് പൂർണമായിക്കിട്ടാൻ ധൃതിപ്പെടരുത് എന്നാണ് مِن قَبْلِ أَن يُقْضَىٰٓ إِلَيْكَ وَحْيُهُۥ എന്ന വാക്യത്തിന്റെ ഒരു താൽപര്യം. ജിബ്‌രീൽ ഖുർആൻ ബോധനം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഹൃദിസ്ഥമാക്കുന്നതിനുവേണ്ടി ബദ്ധപ്പെട്ട് ഓതിക്കൊണ്ടിരിക്കരുത് എന്നാണ് മറ്റൊരാശയം. രണ്ടാശയങ്ങളും ഇവിടെ ഉദ്ദേശ്യമാകാം. രണ്ടാമത്തെ അർഥത്തെ ബലപ്പെടുത്തിക്കൊണ്ട് സൂറ *അൽഖിയാമ* 16-19 സൂക്തങ്ങളിൽ പറയുന്നു:

لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾ إِنَّ عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ﴿١٧﴾
فَإِذَا قَرَأْنَٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾ ثُمَّ إِنَّ عَلَيْنَا بَيَانَهُۥ ﴿١٩﴾

(പ്രവാചകൻ ഈ ഖുർആൻ പെട്ടെന്ന് ഹൃദിസ്ഥമാക്കാൻ നാക്ക് പിടക്കേണ്ടതില്ല. അത് പൂർത്തിയാക്കേണ്ടതും വായിപ്പിക്കേണ്ടതും നമ്മുടെ ചുമതലയാകുന്നു. നാം വായിച്ചുതരുമ്പോൾ നീ ആ വായനയെ പിന്തുടരുക. പിന്നീട് നാം തന്നെ അത് വിശദീകരിച്ചുതരും). ഇബ്നു അബ്ബാസ്(റ) പറയുന്നു: "നബി(സ) ജിബ്‌രീലിനെക്കാൾ വേഗത്തിലാക്കുമായിരുന്നു. അങ്ങനെ ജിബ്‌രീൽ വഹ്‌യിൽ നിന്ന് വിരമിക്കും മുമ്പ് തിരുമേനി ഓതാൻ തുടങ്ങും. ഖുർആനോടുള്ള അനുരാഗവും അത് ഹൃദിസ്ഥമാക്കാനുള്ള വ്യഗ്രതയും, മറന്നുപോകുമോ എന്ന ഭയവുമൊക്കെയായിരുന്നു അതിനു കാരണം. ഈ വ്യഗ്രത നിരോധിച്ചുകൊണ്ട് അല്ലാഹു فتعال الله الملك الحق ولا تعجل... എന്നു തുടങ്ങുന്ന സൂക്തം അവതരിപ്പിച്ചു." مِن قَبْلِ أَن يُقْضَىٰٓ إِلَيْكَ وَحْيُهُۥ എന്ന വാക്യത്തിന് ഇബ്നു അബ്ബാസ് حتى نبينه لك-നാം നിനക്ക് അത് വിശദീകരിച്ചു തരുന്നതുവരെ എന്ന് അർഥം കൽപിച്ചതായും നിവേദനമുണ്ട്. ഏതാണ്ടിതേ അർഥം ഖതാദയും നൽകിയിട്ടുണ്ട്. لا تملى على احد حتى نتمه لك-നാം അത് പൂർത്തീകരിച്ചുതരുന്നത് വരെ നീ ആർക്കും അത് എഴുതാൻ പറഞ്ഞുകൊടുക്കരുത് എന്നാണ് മുജാഹിദ്(റ) നൽകിയിട്ടുള്ള വ്യാഖ്യാനം. ഖുർആൻ ഹൃദിസ്ഥമാക്കാൻ ബദ്ധപ്പാട് കാട്ടേണ്ട എന്നുപദേശിച്ചതോടൊപ്പം നാഥാ, ജ്ഞാനം വർധിപ്പിച്ചുതരേണമേ എന്ന് പ്രാർഥിച്ചുകൊണ്ടിരിക്കണമെന്ന് കൽപിക്കുകയും ചെയ്തിരിക്കുന്നു. മുഴുവൻ ഖുർആൻ, അല്ലെങ്കിൽ ലഭിച്ചേടത്തോളം വചനങ്ങൾ ഉൾക്കൊള്ളുന്ന ജ്ഞാനം സ്വായത്തമാക്കാൻ ശ്രമിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്തുകൊണ്ടിരിക്കണമെന്നാണതിന്റെ താൽപര്യം. ഖുർആൻ ഉരുവിടാൻ പഠിക്കുന്നതിനെക്കാൾ പ്രധാനമാണ് അതിലടങ്ങിയ ജ്ഞാനം ഉൾക്കൊള്ളാനുള്ള ശ്രമം എന്ന സൂചനയുണ്ട് ഈ കൊച്ചു വാക്യത്തിൽ. ജ്ഞാനം വർധിച്ചുകിട്ടാൻ നബി(സ) പതിവായി പ്രാർഥിക്കാറുണ്ടായിരുന്നു. അബൂഹുറയ്റ(റ) പ്രസ്താവിച്ചതായി തിർമിദി ഉദ്ധരിക്കുന്നു:

كان رسول اللّه ﷺ يقول اللهم أنفعني بما علمتني وعلمني ما ينفعني وزدني علما والحمد لله على كل حال واعوذ بالله من حال اهل النار.

(റസൂൽ തിരുമേനി പ്രാർഥിക്കാറുണ്ടായിരുന്നു: അല്ലാഹുവേ, നീ പഠിപ്പിച്ചുതന്നത് എനിക്ക് പ്രയോജനപ്പെടുത്തേണമേ, എനിക്ക് പ്രയോജനകരമായത് എന്നെ പഠിപ്പിക്കേണമേ, ജ്ഞാനം എനിക്ക് വർധിപ്പിച്ചുതരേണമേ, ഏതവസ്ഥയിലും സകല സ്തുതിയും അല്ലാഹുവിനാകുന്നു. നരകക്കാരുടെ അവസ്ഥയിൽ നിന്ന് ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു). നബി(സ) പതിവായി പ്രാർഥിച്ചിരുന്നതായി ഇബ്നു മസ്ഊദ്(റ) ഉദ്ധരിക്കുന്നു: اللهم زدني ايمانا وفقها ويقينا وعلما (അല്ലാഹുവേ, എനിക്ക് നീ ഈമാനും ഗ്രാഹ്യതയും ഉത്തമ ബോധ്യവും ജ്ഞാനവും വർധിപ്പിച്ചുതരേണമേ!).

## 115

വിശുദ്ധ ഖുർആൻ ആദി പിതാവ് ആദമിന്റെ(അ) കഥ അനുസ്മരിക്കുന്നത് ഇത് ആറാം തവണയാണ്. നേരത്തെ *അൽബഖറ*, *അൽഅഅ്റാഫ്*, *അൽഹിജ്ർ*, *അൽഇസ്റാഅ്*, *അൽകഹ്ഫ്* സൂറഃകളിലാണ് ഈ കഥ വന്നിട്ടുള്ളത്. ഓരോ സന്ദർഭത്തിലും കഥ അനുസ്മരിക്കുന്നത് ആ സന്ദർഭത്തിലെ ചർച്ചാ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. അതതു സന്ദർഭം താ

ൽപര്യപ്പെടുന്ന കഥാംശത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഓരോ തവണയും അവതരിപ്പിക്കുന്നത്. അവിശ്വാസത്തിന്റെയും അധർമത്തിന്റെയും പരിണിതിയെക്കുറിച്ചു പറഞ്ഞ ശേഷം മനുഷ്യനെ അതിന് പ്രേരിപ്പിക്കുന്നത് അവന്റെ അതിമോഹവും ആർത്തിയുമാണെന്ന് ചൂണ്ടിക്കാണിക്കുകയാണിവിടെ. ഈ ദൗർബല്യങ്ങൾ ആദിമുതലേ അവനിലുള്ളതാണ്. ആദി പിതാവ് ആദം തന്നെ ഈ ദൗർബല്യത്തിന്റെ ഇരയായിട്ടുണ്ട്. ചെകുത്താനാണ് അവനെ വ്യാമോഹങ്ങളിലകപ്പെടുത്തുന്നത്. ഇക്കാര്യം അല്ലാഹു നേരത്തെ തന്നെ മർത്യവർഗത്തെ ഉണർത്തിയിട്ടുള്ളതാണ്.

ആദമിനെ സൃഷ്ടിച്ച് സ്വർഗത്തിൽ പാർപ്പിക്കുമ്പോൾ അല്ലാഹു അദ്ദേഹത്തിന് ഒരു ശാസനം നൽകിയിട്ടുണ്ടായിരുന്നു. عَهِدْنَآ إِلَىٰٓ ءَادَمَ എന്നാണ് മൂലവാക്യം. കരാറ്, ശാസന, വരം, പ്രമാണം തുടങ്ങിയ ഒട്ടേറെ അർഥങ്ങളിലുപയോഗിക്കുന്ന പദമായ عهْد ന്റെ ക്രിയാരൂപമാണ് عَهِد. അയാളോടനുശാസിച്ചു, ആജ്ഞാപിച്ചു എന്ന അർഥത്തിലാണ് عهِد اليه എന്നു പറയുക. ഗൗരവമേറിയതും കൽപ്പിക്കപ്പെടുന്നവൻ അനുസരിക്കുമെന്ന് സമ്മതിച്ചിട്ടുള്ളതുമായ കൽപ്പനയാണ് عهد. ഒരു കരാറു പോലെയാണത്. എന്തായിരുന്നു ആ ശാസന എന്ന് ഇവിടെ വ്യക്തമാക്കുന്നില്ല. എങ്കിലും തുടർന്നുവരുന്ന വചനങ്ങളിൽനിന്ന് അത് *അൽബഖറഃ* 35-ാം സൂക്തത്തിൽ പ്രസ്താവിച്ച അതേ ശാസനയായിരുന്നുവെന്ന് മനസ്സിലാക്കാം:

وَقُلْنَا يَٰٓـَٔادَمُ ٱسْكُنْ أَنتَ وَزَوْجُكَ ٱلْجَنَّةَ وَكُلَا مِنْهَا رَغَدًا حَيْثُ شِئْتُمَا

وَلَا تَقْرَبَا هَٰذِهِ ٱلشَّجَرَةَ فَتَكُونَا مِنَ ٱلظَّٰلِمِينَ ﴿٣٥﴾

(ആദമിനോടു നാം കൽപ്പിച്ചു: നീയും പത്നിയും ഈ സ്വർഗത്തിൽ വസിച്ചുകൊള്ളുക. അതിൽനിന്ന് യഥേഷ്ടം സുഭിക്ഷമായി ആഹരിച്ചുകൊള്ളുക. എന്നാൽ ഈ വൃക്ഷത്തോട് അടുക്കരുത്. അടുത്താൽ നിങ്ങൾ അതിക്രമികളുടെ ഗണത്തിൽ പെട്ടുപോകും). പക്ഷേ ആദം ആ കൽപ്പന അർഹിക്കുന്ന ജാഗ്രതയോടെ പാലിച്ചില്ല. فَنَسِىَ എന്നാണ് മൂല വാക്ക്. മറ്റു ഭാഷകളിലെന്നപോലെ അറബിയിലും ഒരു സംഗതി അവഗണിച്ചതിനും 'മറന്നു'-نسى എന്നുപറയും. ഇവിടെ അതാണ് താൽപര്യം. തുടർന്നുവരുന്ന وَلَمْ نَجِدْ لَهُۥ عَزْمًا എന്ന വാക്യം ഈ അർഥകൽപനയെ ബലപ്പെടുത്തുന്നുണ്ട്. കൽപന പാലിക്കാനുള്ള ജാഗ്രതയും നിശ്ചയദാർഢ്യവും അദ്ദേഹത്തിനുണ്ടായില്ല. ഇബ്‌ലീസിന്റെ പ്രലോഭനത്തിൽ വീണുപോയപ്പോൾ, ആദം ആ പ്രത്യേക വൃക്ഷം അല്ലാഹു തനിക്കു വിലക്കിയിട്ടുള്ള കാര്യം മറന്നുകളഞ്ഞു. ഇത് ആദമിന്റെ മനഃപ്പൂർവമുള്ള ദൈവധിക്കാരമായിരുന്നില്ല; പ്രലോഭനത്തിൽ വീണുപോയ ദുർബല നിമിഷത്തിൽ ചെയ്തുപോയ നിയമലംഘനമായിരുന്നു. وَلَمْ نَجِدْ لَهُۥ عَزْمًا എന്ന വാക്യം ഈ ആശയവും കൂടി ഉൾക്കൊള്ളുന്നുണ്ട്. ആദം(അ) നിയമം ലംഘിച്ചത് അല്ലാഹുവിനെ ധിക്കരിക്കുകയാണെന്ന ദൃഢനിശ്ചയത്തോടെ ആയിരുന്നില്ല എന്നും ഈ വാക്യം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകനായ ആദം(അ) അല്ലാഹു നേരിട്ടു നൽകിയ ഒരു കൽപന ലംഘിക്കുകയില്ലെന്നും അദ്ദേഹം കൽപന മറന്നുപോയതിനാലാണ് വിലക്കപ്പെട്ട കനി തിന്നതെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. വിസ്മൃതിമൂലം ചെയ്യുന്ന കർമത്തിന് കർത്താവ് ഉത്തരവാദിയാകുന്നില്ല. ഈ വ്യാഖ്യാനത്തെ ബലപ്പെടുത്താൻ അവർ وَلَمْ نَجِدْ لَهُۥ عَزْمًا എന്ന വാക്കിന് وَلَمْ نَجْعَل لَّهُ عَزْمًا-അവനിൽ നാം നിശ്ചയദാർഢ്യം ഉണ്ടാക്കിയിരുന്നില്ല എന്ന് അർഥം കൽപിക്കുകയും ചെയ്തിരിക്കുന്നു. ഈ വ്യാഖ്യാനം വളരെ വിദൂരമാണ്. ഖുർആൻ ഈ സംഭവം ഉദ്ധരിക്കുന്നിടത്തെല്ലാം ആദം(അ) ബോധപൂർവം കുറ്റം ചെയ്തു എന്ന ശൈലിയിൽ തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. ഇവിടെയും 12-ാം സൂക്തത്തിൽ وَعَصَىٰٓ ءَادَمُ رَبَّهُۥ فَغَوَىٰ ആദം തന്റെ നാഥനെ ധിക്കരിച്ചു, അങ്ങനെ സന്മാർഗഭ്രഷ്ടനായി എന്ന് വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

മുൻ സൂക്തത്തിൽ, ഖുർആൻ ഹൃദിസ്ഥമാക്കുന്നതിനു ബദ്ധപ്പെടുന്നത് വിലക്കിയതുമായും ആദം നബിയുടെ കഥ അനുസ്മരിക്കുന്നതിന് ബന്ധമുണ്ട്. ആർത്തിയുടെ അപകടം വെളിപ്പെടുത്തുന്നതിന് ആദം-ഇബ്‌ലീസ് സംഭവം ചൂണ്ടിക്കാണിക്കുകയാണ്. ആർത്തിയും അതിമോഹവും മനുഷ്യന്റെ നൈസർഗിക ദൗർബല്യങ്ങളാണ്. അവനെ വഴിതെറ്റിക്കാൻ ഇബ്‌ലീസ് ഏറെ ഉപയോഗപ്പെടുത്തുന്നതും ആ ദൗർബല്യങ്ങളാണ്. ഇബ്‌ലീസിന്റെ പ്രലോഭനത്തിൽപെട്ട് വിലക്കപ്പെട്ട കനി തിന്നതിന്റെ ഫലമായി ആദം സ്വർഗത്തിൽനിന്നു പുറത്താക്കപ്പെട്ടു. പരീക്ഷണാത്മകമായ ഈ ലോകത്തു വന്നു പാർക്കേണ്ടിവന്നു. ആർത്തി ആർക്കും ഭൂഷണമല്ല എന്നു മനസ്സിലാക്കിത്തരികയാണുദ്ദേശ്യം. നേരത്തെ മൂസാ നബിയുടെ കഥ വിവരിച്ചപ്പോഴും ബദ്ധപ്പാട് അദ്ദേഹത്തിനു വരുത്തിവച്ച വൻ പരീക്ഷണത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ഈ കഥകളിലൂടെ അല്ലാഹു അന്ത്യപ്രവാചകനെ പഠിപ്പിക്കുകയാണ്: പ്രബോധന കാര്യത്തിൽ എടുത്തുചാട്ടവും ബദ്ധപ്പാടും അരുത്. ക്ഷമയോടെ നിശ്ചയദാർഢ്യത്തോടെ, അല്ലാഹുവിൽനിന്ന് മാർഗദർശനം ലഭിക്കുന്ന മുറക്ക് സ്വന്തം ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുക. എടുത്തുചാട്ടവും ബദ്ധപ്പാടും എത്ര സദുദ്ദേശ്യത്തോടെയാണെങ്കിലും അതു താങ്കളുടെ ശിഷ്യന്മാർ അശിക്ഷിതരാകാനും സാമിരിയെപ്പോലുള്ള പൈശാചികന്മാർ അവസരം മുതലെടുത്ത് അവരെ കുഴപ്പത്തിലാക്കാനും ഇടയാക്കും. ധൃതിയും ബദ്ധപ്പാടും മനുഷ്യപ്രകൃതിയിൽ പെട്ടതാണ്. خُلِقَ ٱلْإِنسَٰنُ مِنْ عَجَلٍ (മനുഷ്യൻ ധൃതിയാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു -21:37). وَكَانَ ٱلْإِنسَٰنُ عَجُولًا (മനുഷ്യൻ മഹാതിടുക്കക്കാരനാകുന്നു-17:11). എന്നാൽ ധൃതിയും ബദ്ധപ്പാടും, ക്ഷമയുടെയും ദൃഢനിശ്ചയത്തിന്റെയും നിയന്ത്രണത്തിലാകുമ്പോൾ മനുഷ്യന് ഉപകാരപ്രദമാകുന്നു. ക്ഷമയെയും ദൃഢനിശ്ചയത്തെയും അതിജയിച്ചാൽ അത് ആപൽക്കരമായിത്തീരുന്നു. ആദമിൽ عزم കണ്ടില്ല എന്നതിന്റെ താൽപര്യം അദ്ദേഹം ക്ഷമയും സ്ഥൈര്യവും നിശ്ചയദാർഢ്യവും കാണിച്ചില്ല എന്നാണ്. ആ ഗുണങ്ങളുടെ അഭാവം അക്ഷമയെയും ചാഞ്ചല്യത്തെയും ബദ്ധപ്പാടിനെയും സൂചിപ്പിക്കുന്നു. ആദമിന്റെ അക്ഷമയും എടുത്തുചാട്ടവും അതിന്റെ ദുരന്തവും ചൂണ്ടിക്കാണിച്ച് നബി(സ)യുടെ ജാഗ്രതയെ ശക്തിപ്പെടുത്തുകയാണ് അല്ലാഹു.

## 116

**ആ**ദമിന് പ്രണാമമർപ്പിക്കാൻ അല്ലാഹു മലക്കുകളോടാജ്ഞാപിച്ചതിന്റെയും ഇബ്‌ലീസ് അതു ചെയ്യാൻ കൂട്ടാക്കാതിരുന്നതിന്റെയും വിശദീകരണം *ഖുർആൻ ബോധനം അൽബഖറഃ* 30-39 *അഅ്റാഫ്* 11-14 *അൽഇസ്റാഅ്* 61-64 *അൽകഹ്ഫ്* 50 സൂക്തങ്ങൾക്കു താഴെ വായിക്കാം. ■